ക്കാം. അതല്ലാതെ മറ്റുസംഗതികളെസംബന്ധിച്ച് അന്വേഷിക്കാൻ നിവൃത്തിയില്ലെന്നു പറഞ്ഞുകഴിഞ്ഞ സ്ഥിതിക്ക് പിന്നെയും പിന്നെയും ചോദിക്കേണ്ടല്ലോ.

(ബഹളം)

Mr. Speaker: You have taken 25 minutes for this question

(ബഹളം)

കർഷകത്തൊഴിലാളികളുടെ നേരെ നടന്ന വെടിവയ്പ്

*63 [255.] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീയപുരത്ത് കർഷകത്തൊഴിലാളികളുടെ നേരെ നടന്ന വെടിവയ്പിനെപ്പറ്റിയുള്ള അന്വേഷണക്കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞുവോ; അതിന്റെ ഫലമെന്ത്;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): (എ) സമർപ്പിച്ചു കഴിഞ്ഞു.

(ബി) അന്വേഷണറിപ്പോർട്ട് ഗവർമ്മെൻറു പരിഗണനയിലിരിക്കുകയാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: ഈ അന്വേഷണറിപ്പോർട്ടിൽ ആ വെടിവയ്പ്പ് ന്യായീകരിക്കത്തക്കതല്ലെന്നും അതുപോലെതന്നെ ആ സംഭവത്തിൽ മർദ്ദനമേറ്റ ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കണമെന്നും പറഞ്ഞിട്ടുണ്ടോ?

ശ്രീ സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ അതു പറയാൻ വയ്യ, ആ റിപ്പോർട്ടു പരിശോധിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ എം. കെ. കൃഷ്ണൻ: അങ്ങനെയാണെങ്കിൽ ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ ഗവർമ്മെൻറു തയ്യാറാകുമോ?

ശ്രീ സി. എച്ച്. മുഹമ്മദുകോയ: പ്രസിദ്ധീകരിക്കാമെന്ന് ഉറപ്പു പറയാനും പറ്റുകയില്ല; പരിശോധിച്ചതിനുശേഷമേ പറയാൻ പറ്റുകയുള്ളൂ.

ശ്രീ സി. ബി. ചന്ദ്രശേഖരവാര്യർ: ഗവർമ്മെൻറിൽനിന്നും മറ്റൊരു ഉന്നത ഉദ്യോഗസ്ഥനെ നിയമിച്ച് അന്വേഷണം നടത്തിയ ആ റിപ്പോർട്ട് എന്തുകൊണ്ടാണ് പ്രസിദ്ധീകരിക്കാൻ കഴിയുകയില്ലെന്നുപറയുന്നത്?

ശ്രീ സി. എച്ച്. മുഹമ്മദുകോയ: അതു പ്രസിദ്ധീകരിക്കണമോ വേണ്ടയോയെന്ന് ഗവർമ്മെൻറ് തീരുമാനിച്ചുകഴിഞ്ഞിട്ടില്ലാത്തതുകൊണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: അന്വേഷണറിപ്പോർട്ടിന്റെ ഉള്ളടക്കം ഗവർമ്മെൻറിനുകിട്ടുന്ന റിപ്പോർട്ടാണ്. അതു ഗവർമ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഉള്ളടക്കത്തെസംബന്ധിച്ച് ഇത്രപെട്ടന്ന് മറ്റുള്ള മെമ്പറൻമാർ അറിയാനുള്ള കാരണങ്ങളെന്താണെന്നുപറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു അറിയില്ല ലഭിച്ചത് തന്നെ നേരാണോ എന്നുതന്നെ ഇപ്പോഴും എനിക്കു പറയാൻവയ്യ. ഈ റിപ്പോർട്ട് ഏതായാലും എക്സാമിൻചെയ്തുകൊണ്ടിരിക്കുകയാണ്. ശ്രീമാൻ കൃഷ്ണനു അറിയാം റിപ്പോർട്ടുകിട്ടിയാൽ അത് പരിശോധനയ്ക്ക് അയക്കും.

ശ്രീ. ഇ. ജോൺജേക്കബ്: കഴിഞ്ഞ ഗവർമ്മെൻറ് ഈ സംഭവത്തെ തുടർന്ന് സസ്പെൻറുചെയ്ത സർക്കിൾ ഇൻസ്പെക്ടർ ബഹുമാനപ്പെട്ട കോടതിയിൽ റിട്ടുപോവുകയും ബഹുമാനപ്പെട്ട കോടതി അതു വെറും രാഷ്ട്രീയ പാർട്ടികളുടെ നിർദ്ദേശമനുസരിച്ചു ചെയ്തതാണെന്നും അതുകൊണ്ട് ആ സസ്പെഷൻ തെറ്റാണെന്നും വിധിച്ചിട്ടുള്ളത് ഈ ഗവൺമെൻറിനറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് ഇതുമായിട്ട് ബന്ധപ്പെട്ട തല്ലെങ്കിലും അങ്ങനെ ഉണ്ടായിട്ടുണ്ടെന്ന് ഞാൻ വായിച്ചിട്ടുണ്ട്.

ശ്രീ. സി. ബി. സി. വാര്യർ: സിംഗിൾ ബഞ്ച് അങ്ങനെ വിധിച്ചപ്പോൾ ഗവർമ്മെൻറ് ഡിവിഷൻ ബഞ്ചിനു അപ്പീൽപോവുകയും ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിൻെറ വിധി റദ്ദാക്കുകയും ഗവർമ്മെൻറ് എടുത്ത നടപടി ശരിയാണെന്ന് പറയുകയും ചെയ്ത വിവരം ഗവൺമെൻറിനറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട രണ്ടു മെമ്പറൻമാരും പറഞ്ഞത് ആ വിലയ്ക്ക എടുക്കുകയാണ്. ഇവിടെ പ്രശ്നം അതല്ല എൻകൗയറികമ്മീഷൻ റിപ്പോർട്ടനുസരിച്ചുള്ള ഫയലോ ഈ ഫയലോ എൻെറ കൈയിലില്ല. പരിശോധിക്കണം.

ശ്രീ. എം. കെ. ദിവാകരൻ: ഐ. ജി. യും മറ്റു പോലീസുദ്യോഗസ്ഥൻമാരും ഗൂഢാലോചനനടത്തിയതിൻെറ ഫലമായാണ് ഈ വെടിവയ്പ്പുണ്ടായതെന്ന് ശ്രീമാൻ എ. കെ. ഗോപാലൻെറ പരാമർശനമുണ്ടായതും ശ്രീമാൻ ഇ.എം.എസ്.ൻെറ കാലത്തുണ്ടായതുമായ വെടിവയ്പിനെ സംബന്ധിച്ചാണോ ഈ ചോദ്യം ഉന്നയിച്ചിരിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതാണെന്നാണ് എനിക്കു തോന്നുന്നത്.

ശ്രീ. എം. കെ. ദിവാകരൻ: ശ്രീമാൻ എ. കെ. ജി. യുടെ പ്രസ്താവനയിൽ വന്ന ''ഗൂഢാലോചന നടത്തി'' എന്ന പരാമർശത്തെ സംബന്ധിച്ച് റിപ്പോർട്ടിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് എനിക്കറിവില്ല. റിപ്പോർട്ടിൻെറ ഏതെങ്കിലും ഭാഗത്തെക്കുറിച്ചു ചോദിച്ചാൽ എനിക്ക് പറയാൻ പറ്റുകയില്ല. ഞാൻ ആദ്യമേ പറഞ്ഞു റിപ്പോർട്ട് എൻെറകൈവശമില്ല, പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്ന്.

புதிய ஆஸ்பத்திரிகள்

*64. [256] ஸ்ரீ. என். கணபதி: கீழ் காணும் விஞ்ஞக்களுக்கு சுகாதார மந்திரி அவர்கள் விடை பகர்வார்களாக:

(எ) 1970-ம் ஆண்டில் கேரளத்தின் பல்வேறு இடங்களிலும் எங்கெல்லாம் புதிய ஆஸ்பத்திரிகள், டிஸ்பென்ஸரிகள், பிறைமறி ஹெல்த் சென்டர்கள்

LIBRARY ARCHIVES Kerala Legislative Assembly